(ഇ) പ്രസ്തുത കെട്ടിടത്തിന്റെ മേൽത്തട്ടിൽ സൂക്ഷിച്ചിരുന്ന വിലപിടിപ്പുള്ള വസ്തുക്കൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തുന്ന 103 സർക്കാർ കെട്ടിടങ്ങളാണുള്ളത്. പുനർനിർമ്മാണ പ്രവൃത്തികൾ ഒന്നുംതന്നെ ഇല്ല. അറ്റകുറ്റപ്പണികൾ മാത്രമേ നിലവിൽ നടത്തുന്നുള്ളൂ.

(ബി) പുനർനിർമ്മാണ ജോലികൾ നടത്തുമ്പോൾ ലഭിക്കുന്ന വിലപ്പെട്ട വസ്തുക്കൾ പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആഫീസ് അധികാരികളെയാണ് ഏൽപ്പിക്കുന്നത്.

(സി) പുതിയ പ്രവൃത്തികൾ ചെയ്യുമ്പോൾ ലഭിക്കുന്ന വിലപ്പെട്ട വസ്തുക്കൾ ജില്ലാ കളക്ടർമാരുടെ അറിവോടെ പുരാവസ്തു വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്.

(ഡി& ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഡ്രെയിനേജുകൾ സംരക്ഷിക്കാൻ നടപടി

132 (2232) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ നഗരങ്ങളിലും കോർപ്പറേഷനുകളിലും വാഹനങ്ങളുടെ പാർക്കിംഗിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ബഹുനില കാർപാർക്കിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) തദ്ദേശ സ്ഥാപനങ്ങളും ആഭ്യന്തരവകുപ്പുമായി ചേർന്ന് പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിക്കുമോ ; പ്രധാന റോഡുകളിൽ സബ്വേകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുനിസിപ്പൽ നഗരങ്ങളിലും കോർപ്പറേഷനുകളിലും നിലവിൽ പാർക്കിംഗിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതും വികസിപ്പിക്കുന്നതും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികസന അതോറിറ്റികളുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ജനസാന്ദ്രതയേറിയ കേരളത്തിൽ വികസന പദ്ധതികൾക്ക് സ്ഥലം അക്വയർ ചെയ്യേണ്ടിവരുന്നത് സാമൂഹിക പ്രശ്നമായി മാറുന്നതും സർക്കാരിന് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതുമാണ്. എങ്കിലും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് പുതിയതായി ഏറ്റെടുക്കുന്ന റോഡ് വികസന പദ്ധതികളിൽ, പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അതുപോലെ പ്രധാന റോഡുകളിൽ സബ്വേകൾ നിർമ്മിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിലെ ഷോർട്ടേജ്

133 (2233) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വർക്കുകളിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിൽ ഷോർട്ടേജ് ഉണ്ടാകുന്നതുമൂലം വർക്കുകൾ പൂർത്തിയാക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ& ബി) പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് ആവശ്യമായ ചല്ലി, മണൽ തുടങ്ങിയ സാധന സാമഗ്രികൾ വകുപ്പ് തലത്തിൽ വിതരണം ചെയ്യുന്നില്ല. പ്രവൃത്തികൾക്കാവശ്യമായ മണൽ, മെറ്റൽ, പാറ തുടങ്ങിയ നിർമ്മാണ സാമഗ്രികൾക്ക് ദൗർലഭ്യം നേരിടുന്നതായും അവയുടെ സുഗമമായ നീക്കത്തിന് തടസ്സം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മന്ത്രിതലത്തിൽ യോഗം ചേർന്നിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ എടുക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്കും ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ടി.പി. രണ്ടാം ഘട്ടപ്രവർത്തനം

134 (2234) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ലോകബാങ്ക് സഹായത്തോടെയുള്ള കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രവർത്തനം ഇപ്പോൾ ഏതുവരെയായിയെന്ന് വെളിപ്പെടുത്തുമോ : അധികാരമുണ്ടോ ;

(ബി) ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കാനുള്ള പ്രവൃത്തികളിൽ ഏതൊക്കെയാണ് മുൻഗണന നൽകേണ്ടതെന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly